# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2187** **18.03.2015-ലെ മറുപടിക്ക്**

## റവന്യൂ കമ്മി

| | **ചോദ്യം**<br>ശ്രീ. എസ്. രാജേന്ദ്രൻ | **ഉത്തരം**<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | റവന്യൂ കമ്മി കുറച്ചുകൊണ്ട് വരുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | റവന്യൂ കമ്മി ക്രമാനുഗതമായി കുറച്ചുകൊണ്ട് വരുന്നതിനായി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും ഭരണച്ചെലവ് കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ തരം ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റേയും നികുതി 20 ശതമാനം വർദ്ധിപ്പിച്ചു ബിയർ, വൈൻ എന്നിവയുടെ നികുതി 50 ശതമാനത്തിൽ നിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചു. സിഗററ്റിന്മേലുള്ള നികുതി 22 ശതമാനത്തിൽ നിന്നും 30 ശതമാനമായി വർദ്ധിപ്പിക്കാനും ഇതിൽ 3 ശതമാനം കാൻസർ രോഗികളുടെ സംരക്ഷണത്തിന് വിനിയോഗിക്കുവാനും തീരുമാനിച്ചു.<br>നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവി |

| | | |
|---|---|---|
| | | ച്ചിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | 2014-15 വർഷത്തിൽ ഇതുവരെ എത്ര തുക കടമെടുത്തു ; ഏതെല്ലാം ഏജൻസികളിൽ നിന്നാണ് വായ്പ എടുത്തത് ; വിശദമാക്കാമോ ; | 2014-15 വർഷത്തിൽ ഇതുവരെ (28.02.2015 വരെ) കടമെടുത്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (സി) | ഈ കാലയളവിലെ നികുതിയേതര വരുമാനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ ; നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളെന്തെല്ലാം ; വ്യക്തമാക്കാമോ ; ബഡ്ജറ്റിൽ പ്രതീക്ഷിച്ച നികുതിയേതര വരുമാനം എത്ര കോടിയായിരുന്നു ; ഇതുവരെ ലഭിച്ചത് എത്ര കോടി ? | 2014-15 സാമ്പത്തിക വർഷം അവസാനിച്ചെങ്കിൽ മാത്രമേ ഇക്കാലയളവിലെ നികുതിയേതര വരുമാനം സംബന്ധിച്ച അന്തിമ വിലയിരുത്തൽ സാദ്ധ്യമാകുകയുള്ളൂ. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളൊഴികെ എല്ലാ വകുപ്പുകളിലും യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. ബജറ്റിൽ പ്രതീക്ഷിച്ച നികുതിയേതര വരുമാനം 6337.47 കോടി രൂപയാണ്. 2015 ജനുവരി 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം ഈ ഇനത്തിൽ 4613.32 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

| നം. | ഏജൻസി | വായ്പ തുക (കോടിയിൽ) |
|---|---|---|
| 1. | OMB | 12200.00 |
| 2. | NABARD | 453.098 |
| 3. | ലോക ബാങ്ക് | 454.38 |
| 4. | ADB | 203.76 |
| 5. | JICA | 93.56 |
| 6. | NSSF | 109.23 |
| ആകെ | | 13514.028 |

സെക്ഷൻ ഓഫീസർ